## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *163 | 03.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായുള്ള നയം** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.എം. മുകേഷ്**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>ശ്രീ.എം. രാജഗോപാലൻ | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സ്ത്രീ-പുരുഷ സമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നയം (ജീറ്) എത്ര മാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) ജെന്റർ ഇക്വാളിറ്റി & വിമൻ എംപവർമെന്റ് (ജീറ്) പോളിസി സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ നയം പ്രാവർത്തികമാക്കുന്നതിനായി വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് ഒരു ശില്പശാല സംഘടിപ്പിക്കുകയും ജെന്റർ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിരുന്നു. വിവിധ വകുപ്പുകളുടെ ജെന്റർ ആക്ഷൻ പ്ലാനുകളുടെ ഓൺലൈൻ റിപ്പോർട്ടിംഗിനായി ഇലക്ട്രോണിക്സ് മോണിറ്ററിംഗ് സംവിധാനം തയ്യാറാക്കി വകുപ്പിന്റെ MIS ൽ ലിങ്ക് ചെയ്തിട്ടുണ്ട്. 10 വകുപ്പുകൾ ഈ ലിങ്ക് മുഖേന ജെന്റർ ആക്ഷൻ പ്ലാൻ റിപ്പോർട്ട് ചെയ്തിരുന്നു. വകുപ്പ് തലത്തിൽ ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005 നടപ്പിലാക്കുന്നതിനായി വിമൻ പ്രൊട്ടക്ഷൻ ഓഫീസർമാർ, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ എന്നിവ മുഖേന ഈ മേഖലയിലെ വനിതാ ശാക്തീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.<br>2. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്ന നിയമം 2013 പ്രകാരം ലോക്കൽ ലെവൽ കമ്മിറ്റികൾ, വിവിധ വകുപ്പുകളുടെ ജില്ലാതല കമ്മിറ്റികൾ |

| | | |
|---|---|---|
| | | എന്നിവ ശാക്തീകരിക്കുന്നതിന് Sexual Harassment of Women at Workplace Act ന്റെ ജില്ലാ ആഫീസർ കൂടിയായ ജില്ലാ കളക്ടർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. നോഡൽ വകുപ്പ് എന്ന നിലയിൽ നിയമം നടപ്പിലാക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| | 3. | സ്ത്രീധന നിരോധന നിയമം 1961 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് മേഖലാ ഡൗറി പ്രൊഹിബിഷൻ ആഫീസർമാർ മുഖേന അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| | 4. | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനുള്ള പദ്ധതിയായ നിർഭയ പദ്ധതിയുടെ ഭാഗമായി പത്ത് ജില്ലകളിലായി 12 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ച് വരുന്നു. ഇതിനു പുറമെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ (1800-425-1400) പ്രവർത്തിക്കുന്നുണ്ട്. |
| | 5. | ജാഗ്രത സമിതികളുടെ ശാക്തീകരണത്തിനും അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനും പ്രാദേശിക സർക്കാർ തലത്തിൽ കർമ്മ പരിപാടികൾ തയ്യാറാക്കുന്നതിന് 'കില'യുമായി ചേർന്ന് 2017 ഏപ്രിൽ, മേയ് മാസങ്ങളിലായി വിപുലമായ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. |
| | 6. | അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെ സംരക്ഷിക്കുന്നതിനും ആവശ്യമായ ശാരീരിക, മാനസിക, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസ് സഹായം, നിയമോപദേശം, എമർജൻസി ഷെൽട്ടർ എന്നിവ ഉറപ്പു വരുത്തുന്നതിനുമായി ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്തെ ജില്ലാ/താലൂക്ക് ആശുപത്രികളിലായി 21 വൺ സ്റ്റോപ്പ് ക്രൈസിസ് സെന്ററുകൾ പ്രവർത്തിക്കുന്നു. |
| | 7. | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളിലേയ്ക്ക് ലിംഗ അവബോധ സന്ദേശം എത്തിക്കുന്നതിനും അവരെ ലിംഗ സമത്വ പ്രചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 2014-15, 2015-16, 2016-17 വർഷങ്ങളിൽ |

| | |
|---|---|
| | NSS യൂണിറ്റുകൾ സെല്ലുമായി ചേർന്ന് കാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>8. 2017 ലെ വനിതാ ദിനാചരണത്തോടനുബന്ധിച്ച് തദ്ദേശ സ്വയംഭരണവകുപ്പ്, ആരോഗ്യവകുപ്പ്, കുടുംബശ്രീ എന്നിവയുമായി ചേർന്ന് സംസ്ഥാനമൊട്ടാകെ ഒരാഴ്ചത്തെ സ്ത്രീ ശാക്തീകരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.<br><br>9. സ്ത്രീകൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ (മഹിള മന്ദിരം, ആശാഭവൻ (വിമൻ), റസ്ക്യൂഹോം, ആഫ്റ്റർ കെയർ ഹോം, ഷോർട്ട് സ്റ്റേ ഹോം) താമസക്കാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പരിപാടികൾ നടത്തുന്നു. ഇതിന് പുറമേ കാലാനുസൃതമായ നൂതന പരിപാടികൾ ആസൂത്രണം ചെയ്തു വരുന്നു.<br><br>10. സാമൂഹ്യനീതി വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥരെയും ജില്ലാ ഭരണകൂടത്തേയും സംയോജിപ്പിച്ച് എമർജൻസി റെസ്പോൺസ് ടീം രൂപീകരിക്കുന്നതിനും ലൈംഗിക അതിക്രമങ്ങൾ, ആസിഡ് അറ്റാക്ക്, മറ്റ് ഗുരുതര അതിക്രമങ്ങൾ എന്നിവയ്ക്ക് വിധേയരാകുന്നവർക്കായി ഒരു ഇമ്മീഡിയറ്റ് റിലീഫ് ഫണ്ട് രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി)സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (ബി)<br><br>1. ഗാർഹിക അതിക്രമമുൾപ്പെടെ, പീഡനത്തിനിരയായ വനിതകളുടെ പുനരധിവാസത്തിനായി പരമാവധി 25,000/- രൂപ വരെ ധനസഹായം നൽകി വരുന്നു.<br><br>2. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു<br><br>3. വിധവാ പുനർ വിവാഹ പദ്ധതിയുടെ ഭാഗമായി പരമാവധി 25,000/- രൂപ വരെ ധനസഹായം നൽകി വരുന്നു<br><br>4. ഗാർഹിക അതിക്രമത്തിന് ഇരയായവർ, വിധവകൾ, വിവാഹ മോചിതരായ സ്ത്രീകൾ എന്നിവരുടെ സാമ്പത്തിക ശാക്തീകരണത്തിനായി സ്വയം തൊഴിൽ |

| | |
|---|---|
| | പരിശീലനം നൽകി, സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി കോഴിക്കോട് ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>5. വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.<br>6. അഭയസ്ഥാനമില്ലാത്തവരും ആലംബഹീനരുമായ വിധവകളെ താമസിപ്പിച്ച് സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.<br>7. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന യോഗ്യരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ സൗകര്യം ലഭ്യമാക്കുകയും തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്ത വനിതകൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി തൊഴിലെടുക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) സംസ്ഥാന സർക്കാർ സ്ത്രീ സൗഹൃദ പദ്ധതികൾ ഉൾക്കൊള്ളുന്ന ബജറ്റ് അവതരിപ്പിച്ച് മാതൃകാപരമായ ചുവടുവയ്പുകൾ നടത്തുമ്പോൾ കേന്ദ്രസർക്കാർ വനിതാ സംവരണ ബിൽ പാസ്സാക്കാതെ ഒഴിവാക്കുന്നത് തിരുത്താൻ ആവശ്യപ്പെടുമോ; | (സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനമാണ്. |
| (ഡി) പാഠ്യ പദ്ധതിയിൽ സ്ത്രീ പുരുഷ സമത്വ ആശയങ്ങൾ ഉൾപ്പെടുത്താൻ വേണ്ട നിർദ്ദേശം നൽകുമോ? | (ഡി) പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ